**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5469** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഇന്ത്യയിലെ മെട്രോ സിറ്റികളെ അപേക്ഷിച്ച് ഐ.ടി. മേഖലയിൽ കേരളത്തിന് കൂടുതൽ സാധ്യതകളുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ; ഐ.ടി. മേഖലയിൽ തൊഴിൽ തേടുന്നവർ കേരളം തെരഞ്ഞെടുക്കാൻ കൂടുതൽ താത്പര്യം കാണിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | 2023 -ലെ ഡിലോയിറ്റ് നാസ്കോം - എമേർജിങ് ടെക്നോളജി ഹബ് ഓഫ് ഇന്ത്യ റിപ്പോർട്ട്, സ്റ്റഡി ഓൺ കേരള - ഇൻവെസ്റ്റ്മെന്റ് ഗ്രോത് ആൻഡ് ഡെവലപ്മെന്റ് 2018-19 to 2022-23 എം എസ് എം ഇ, 2023 ബിസിഐ ഗ്ലോബൽ 24 ഫോർ 24 എമേർജിങ് ടെക് ഹബ്സ് എറൗണ്ട് ദി വേൾഡ്, ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2025 എന്നീ റിപ്പോർട്ടുകളിൽ തിരുവനന്തപുരത്തെ എമേർജിങ് ഐ.ടി ഡെസ്റ്റിനേഷനായി പരാമർശിച്ചിട്ടുണ്ട്.<br><br>കൂടാതെ, ആഗോള തലത്തിൽ ഐ.ടി കമ്പനികൾ ടയർ 2 നഗരങ്ങളിൽ അവരുടെ പ്രവർത്തനം വ്യാപിപ്പിച്ചു വരുന്നു. കേരളത്തിൽ എല്ലാവിധ അനുകൂല ഘടകങ്ങളുമുള്ള ടയർ 2 നഗരങ്ങളാണ് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവ. അതിനാൽ കൂടുതൽ ഐ.ടി നിക്ഷേപത്തിനായി ഈ നഗരങ്ങളിൽ ആഗോള കമ്പനികൾ കൂടുതൽ താല്പര്യം കാണിക്കുന്ന സ്ഥിതി നിലവിലുണ്ട്.ഈ നഗരങ്ങളുടെ പ്രധാനപ്പെട്ട അനുകൂല ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• മെട്രോ നഗരങ്ങളെ അപേക്ഷിച്ച് ചുരുങ്ങിയ പ്രവർത്തന ചെലവ്.<br>• കുറഞ്ഞ വരുമാനക്കാർക്കും താങ്ങാവുന്ന ജീവിത ചെലവ്.<br>• ഉയർന്ന തോതിലുള്ള നെറ്റ് വർക്ക് കണക്ടിവിറ്റി.<br>• ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ<br>• പരസ്പരം ബന്ധിപ്പിക്കപ്പെടുന്ന റോഡ്, റെയിൽ, വ്യോമ ഗതാഗത സംവിധാനങ്ങൾ, കൊച്ചി മെട്രോ, വാട്ടർ മെട്രോ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | നഗര ഗതാഗത സംവിധാനങ്ങളുടെ സാനിധ്യം.<br>• ഐബിഎം, എച്ച്സിഎൽ, കൊഗ്നിസെന്റ് തുടങ്ങിയ ആഗോള ഐ.ടി. സ്ഥാപനങ്ങളുടെ സാന്നിധ്യം.<br>• ഉയർന്ന തോതിലുള്ള ഐ ടി ടാലന്റ് പൂൾ.<br><br>2025 ഫെബ്രുവരി മാസത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച Invest Kerala Global Summit ൽ ജി സി സി കൺസൾട്ടന്റ്മാരുടെയും വിശകലന വിദഗ്ധരുടെയും പ്രസിദ്ധീകരണങ്ങളിൽ ഐ.ടി നിക്ഷേപങ്ങൾക്കുള്ള ഒരു ലക്ഷ്യസ്ഥാനമായി കേരളത്തെ ഉൾപ്പെടുത്തുന്നതിന് പ്രചോദനമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ബി) | ടെക്നോപാർക്കിന്റെ ഭാഗമായി എമർജിംഗ് ടെക്നോളജി ഹബ്ബ് തിരുവനന്തപുരത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഭക്ഷ്യ-കാർഷിക മേഖല, ബഹിരാകാശ സാങ്കേതിക വിദ്യ, പാരമ്പര്യേതര ഊർജ്ജം തുടങ്ങിയ മേഖലകൾക്ക് ഹബ്ബിൽ പ്രാധാന്യം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തെ നവസാങ്കേതിക വിദ്യാ ഹബ്ബാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ 5 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ തിരുവനന്തപുരം ടെക്നോസിറ്റിയിൽ ലോകോത്തര നിലവാരത്തിലുള്ള എമേർജിങ് ടെക്നോളജി ഹബ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു വരുന്നു. ഈ പദ്ധതി, ഭക്ഷ്യവും കാർഷികവും, ബഹിരാകാശ സാങ്കേതികവിദ്യ, പുനരുപയോഗ ഊർജ്ജം, ഡിജിറ്റൽ മീഡിയയും വിനോദവും, ആരോഗ്യവും ഉൾപ്പെടുന്ന അഞ്ചു പ്രധാന മേഖലകളിൽ ഉൽപ്പന്ന വികസനത്തിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നു . |
| (സി) | ആരോഗ്യ, കാർഷിക സർവകലാശാലകൾക്ക് കീഴിൽ സ്റ്റാർട്ട്അപ്പ് മിഷന്റെ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ ആർട്ട്സ് & സയൻസ് കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ്, പ്രൊഫഷണൽ കോളേജ്, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലായി 519 ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം സാങ്കേതികത്വവും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള വിവിധ പരിപാടികളും ഈ സെന്ററുകളിലൂടെ നടത്തി വരുന്നു. കാർഷിക സർവകലാശാലകൾക്ക് കീഴിൽ ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരികയാണ്. |
| (ഡി) | നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ (ഐ.ഇ.ഡി.സി.) പ്രവർത്തിക്കുന്നുണ്ടോ; ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രൊസ്പർ സംവിധാനങ്ങൾ | (ഡി) | ഉണ്ട്. നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ (ഐ.ഇ.ഡി.സി.) പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | പ്രയോഗത്തിൽ വരുത്താൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ? | | സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഐ.ഇ.ഡി.സി. കളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവയെ ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രൊസ്പർ കൊവർക്ക്സ് (LEAP Coworks) ആയും, ടെക്നോളജി ബിസിനസ് ഇൻകുബേറ്റേഴ്സ് (TBI) ആയും ഉയർത്തി സ്ഥാപിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ